16890
11/8/14

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജന്മനാ അപൂർവ്വ രോഗബാധിതയും അതിഗുരുതരമായ മൾട്ടിപ്പിൾ ഡിസെബിലിറ്റി (85%) ബാധിച്ച വിദ്യാർത്ഥിനിയുമായ കുമാരി. ലക്ഷ്മി. വി. ശിവന് മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ)നം. 2520/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.07.2017

പരാമർശം :
1) സ.ഉ (സാധാ) നം. 1115/2015/തസ്വഭവ. തീയതി 10.04.2015.
2) സ.ഉ (സാധാ) നം. 2593/2015/തസ്വഭവ. തീയതി 22.08.2015.
3) കുമാരി. ലക്ഷ്മി. വി. ശിവൻ 05.04.2017 ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
4) സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ., തീയതി 03.04.2017.
5) മെഡിക്കൽ ബോർഡ് സൂപ്രണ്ടിന്റെ 26.05.2017-ലെ ജി2.8134/2017/ഗവ.മെ.കോ.ആ. നമ്പർ കത്ത്.

**ഉത്തരവ്**

ജന്മനാ അപൂർവ്വ രോഗബാധിതയും അതിഗുരുതരമായ മൾട്ടിപ്പിൾ ഡിസെബിലിറ്റി (85%) ബാധിച്ച വിദ്യാർത്ഥിനിയുമായ കുമാരി. ലക്ഷ്മി. വി. ശിവന് സി.പി.എം.ആർ വൈകല്യമുള്ളവർക്ക് നൽകുന്ന നിരക്കിൽ സാമ്പത്തിക സഹായവും സ്കോളർഷിപ്പും പാലിയേറ്റീവ് ആനുകൂല്യങ്ങളും നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പാലിയേറ്റീവ് പരിചരണത്തിനാവശ്യമായ കൃത്രിമ ഡയപ്പറുകളും കത്തീറ്ററുകളും പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ പരാമർശം (1), (2) പ്രകാരം അനുവദിച്ച നൽകിയ ആനുകൂല്യങ്ങളിൽ അർഹമായ സ്കോളർഷിപ്പ് തുക നൽകുന്നില്ലായെന്നും ആയത് ലഭ്യമാക്കണമെന്നും പരാമർശം (3) പ്രകാരം കുമാരി. ലക്ഷ്മി. വി. ശിവൻ സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി.

കുമാരി. ലക്ഷ്മി. വി. ശിവന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ടിയാൾ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്ട് പ്രകാരം സാമ്പത്തിക സഹായത്തിന് അർഹയാണെന്ന് മെഡിക്കൽ ബോർഡ് സൂപ്രണ്ട് പരാമർശം (5) പ്രകാരം അറിയിച്ചിട്ടുള്ളതിനാലും കുമാരി. ലക്ഷ്മി. വി. ശിവന് (85%) ഗുരുതരമായ ഡിസെബിലിറ്റി ഉണ്ടെന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും പലവിധ അസുഖങ്ങൾ കൊണ്ട് പ്രയാസം നേരിടുന്ന ഒരു കുട്ടിയാണെന്നുമുള്ള കാരണത്താൽ ഒരു മാനുഷിക

പരിഗണന നൽകി ടിയാൾക്ക് മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പരാമർശം (4)-ലെ സർക്കാർ ഉത്തരവിലെ 10.3: 4(ബി) ൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1. | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000/- |
| 2. | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1,500/- |
| 3. | പഠനസഹായികൾക്ക് / വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2,000/- |
| 4. | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1,000/- |
| 5. | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് - രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1,000/- |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വെമ്പായം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
കുമാരി. ലക്ഷ്മി. വി. ശിവൻ, ലക്ഷ്മി നിവാസ്, മയിലാട്ടും മുകൾ, പോത്തൻകോട് പി.ഒ, തിരുവനന്തപുരം - 695584.
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക് വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം. ഇപിഎ 3/96/2017/തസ്വഭവ.)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ